പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6970 02.11.2011 ൽ മറുപടിക്ക്

## കുണ്ടറ നിയോജക മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത് ; | (എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ കുണ്ടറ മണ്ഡലത്തിൽ നല്ലില ഗവൺമെന്റ് വെറ്റിനറി ഡിസ്പെൻസറിയുടെ പ്രവൃത്തി നടക്കുന്നുണ്ട്.<br>കൊല്ലം ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കേരളപുരം മുതൽ പുനലൂർ വരെയുള്ള ഉപരിതല നവീകരണം നടന്നുവരുന്നു.<br>നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചവ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി)ഓരോ പ്രവൃത്തിയുടേയും അടങ്കൽ തുകയും നിലവിലെ സ്ഥിതിയും പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ; | (ബി) കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തിയുടെ അടങ്കൽ തുക 4,89,270/- രൂപയാണ്. ഇതിന്റെ പണി ഏകദേശം 80% തീർന്നിട്ടുണ്ട്. ബാക്കി പണി പുരോഗമിക്കുന്നു.<br>ദേശീയപാതാ വിഭാഗത്തിന്റെ പ്രവൃത്തിയുടെ മൊത്തം അടങ്കൽ തുക 18.80 കോടി രൂപയാണ്. കി.മീ.27/000 മുതൽ കി.മീ. 41/000 വരെയുള്ള ബിറ്റുമിനസ് മെക്കാഡം ലെയർ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി നല്ല രീതിയിൽ പുരോഗമിക്കുന്നു.<br>നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചവ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കുണ്ടറ മണ്ഡലത്തിലെ റോഡുകളുടെ പരിഷ്കരണ പ്രവൃത്തികൾ ഡിസംബർ 31-നകം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (സി) കൊല്ലം ദേശീയപാതയുടെ കീഴിൽ കേരളപുരം മുതൽ പുനലൂർ വരെയുള്ള ഉപരിതലം പുതുക്കൽ ജോലി ദ്രുതഗതിയിൽ നടന്നു വരുന്നു. ടി പ്രവൃത്തിയുടെ നിർമ്മാണ സമയപരിധി 24.01.2012 വരെയാണ്. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചവ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.